## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

29.01.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 516

### മലപ്പുറം ഇൻകെൽ എഡ്യുസിറ്റിയിൽ ഖരമാലിന്യപ്ലാന്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള : | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | മലപ്പുറം ഇൻകെൽ എഡ്യുസിറ്റിയിൽ കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉത്തരവുകളും വിശദാംശങ്ങളും നൽകുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | 11.06.2018 ലെ സ.ഉ (കൈ) 82/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പാണക്കാട് എന്ന സ്ഥലത്ത് കെ.എസ്.ഐ.ഡി.സി യുടെ കീഴിലുള്ള 4.04 ഹെക്ടർ (10 ഏക്കർ) സ്ഥലത്ത് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| ബി) | ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും വിദ്യാഭ്യാസ വ്യവസായ സ്ഥാപനങ്ങൾ നിലകൊള്ളുന്നതുമായ ഇൻകെൽ എഡ്യുസിറ്റിയിൽ ഖരമാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കുമോ; | (ബി) & (സി) | ആധുനിക ശാസ്ത്രീയ മർഗ്ഗങ്ങളിലൂടെ, പരിസ്ഥിതിക്ക് അനുകൂലമായ രീതിയിലാണ് പ്ലാന്റ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | മാലിന്യ പ്ലാന്റുകൾക്കു പകരം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ